# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 10 | 2017 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### മകരവിളക്കിന് 1000 കെ എസ് ആർ ടി സി ബസ്സുകൾ സർവീസ് നടത്തും

ശബരിമല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് 1000 കെ എസ് ആർ ടി സി ബസ്സുകൾ 14,15 തീയതികളിൽ സർവീസ് നടത്തുമെന്ന് പമ്പ കെ എസ് ആർ ടി സി സ്പെഷ്യൽ ഓഫീസർ ജി സരിത്കുമാർ അറിയിച്ചു . 600 ദീർഘദൂരബസ്സുകളും 400 ഹ്രസ്വദൂരസർവീസും ഉണ്ടായിരിക്കും. ഭക്തജനത്തിരക്ക് പരിഗണിച്ച് പമ്പ-നിലക്കൽ, പമ്പ-പ്ലാപ്പള്ളി റൂട്ടിൽ ചെയിൻസർവീസ് നടത്തും. വിളക്കിനുശേഷം റൗണ്ട് ചെയിൻ സർവീസ് പൂർത്തീകരിച്ച ശേഷം ദീർഘദൂര സർവ്വീസുകൾ അയച്ച് തുടങ്ങും. പമ്പ ഗ്രൗണ്ടിൽ ദീർഘദൂരസർവീസുകൾക്കായി ഇരുന്നൂറ് ബസ്സുകൾ ക്രമീകരിക്കും. പമ്പയിൽനിന്ന് സർവീസുകൾ അയക്കുന്നതിനനുസരിച്ച് പത്തനംതിട്ടയിൽ നിന്നും ക്രമമായി പമ്പയിലേക്ക് ബസ്സുകൾ അയച്ചുതുടങ്ങും. സർവീസ് കാര്യക്ഷമമാക്കുന്നതിനായി കോർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ചെയിൻസർവീസ് ത്രിവേണി ബി എസ് എൻ എൽ ഓഫീസ് മുതൽ ക്രമീകരിക്കും. പ്ലാപ്പള്ളിയിൽ നിന്ന് ആങ്ങമുഴി ചെയിൻ സർവീസ് ഉണ്ടായിരിക്കും. തിരുവനന്തപുരം സെൻട്രൽ, പുനലൂർ കൊട്ടാരക്കര, ചെങ്ങന്നൂർ കോട്ടയം, എരുമേലി പത്തനംതിട്ട, എറണാകുളം, കുമളി, തൃശൂർ, തിരുമന്ധാംകുന്ന്( പെരിന്തൽമണ്ണ), പൊന്നാനി,ഗുരുവായൂർ തുടങ്ങിയ സ്ഥലങ്ങളിലേക്കും മധുര, കൊയമ്പത്തൂർ, തെങ്കാശി, പളനി, ചെന്നൈ, തുടങ്ങിയ അന്തർ സംസ്ഥാന സർവീസും ഉണ്ടാകും. ളാഹയിൽ കെ എസ് ആർടിസിക്ക് അനുവദിച്ചിരിക്കുന്ന സ്ഥലത്ത് കൂടുതൽ പാർക്കിങ് സൗകര്യമൊരുക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. ബസ്സുകളുടെ സാങ്കേതികസഹായത്തിനായി സാങ്കേതികവിദഗ്ദർ ഉൾപ്പെടെയുള്ള മൊബൈൽവാനുകൾ സജ്ജീകരിക്കും. നട അടക്കുന്നതുവരെ പമ്പയിലേക്ക് ചെയിൻ സർവീസ് ഉണ്ടാകും.

### മലകയറാൻ തിരക്ക് വേണ്ട
### നിർദ്ദേശങ്ങൾ പാലിക്കാം അപകടങ്ങൾ ഒഴിവാക്കാം

മകരവിളക്കിന് ശബരിമലയിലേക്ക് വരുന്ന അയ്യപ്പഭക്തൻമാർ തിരക്ക്കൂട്ടി തുടർച്ചയായി മലകയറുന്നത് ഒഴിവാക്കണമെന്ന് ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകുന്നു. വിശ്രമിക്കാതെയുള്ള കുത്തനെയുള്ള മലകയറ്റം ആരോഗ്യപരമായി പ്രതികൂലമാകും. സ്ഥിരമായി മരുന്ന് കഴിക്കുന്നവർ, പ്രമേഹരോഗികൾ, ഹൃദ്രോഗികൾ, ശ്വാസകോശരോഗികൾ, രക്തസമർദ്ദമുള്ളവർ എന്നിവരെല്ലാം വളരെയധികം മുൻകരുതലുകളെടുക്കണം. മരുന്നു കഴിക്കുന്നവർ മരുന്നുകളുടെ അളവിൽ കൃത്യത ഉറപ്പുവരുത്തണം. വ്രതമെടുക്കുന്നതിനാൽ ഡോക്ടറുടെ പരിശോധനയും നടത്തുന്നത് നല്ലതായിരിക്കും. ഡോക്ടറുടെ നിർ

ദ്ദേശം കൂടാതെ മരുന്നുകൾ ഒഴിവാക്കുന്നത് അപകടകരമാണ്. ആസ്മ രോഗികൾ പ്രത്യേകം ശ്രദ്ധി ക്കണം. യാത്രക്കിടയിൽ നെഞ്ചുവേദന, ശ്വാസതടസ്സം, തലകറക്കം ,ഛർദ്ദി എന്നിവ അനുഭവപ്പെട്ടിട്ടു ണ്ടെങ്കിൽ വഴിയിലുടനീളമുള്ള മെഡിക്കൽ പരിശോധന കേന്ദ്രങ്ങളിൽ ചികിത്സ തേടാം. പമ്പ, നീലിമ ല, അപ്പാച്ചിമേട്, സന്നിധാനം എന്നിവിടങ്ങളിൽ ആരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

## മലകയറുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഇരുമുടിക്കെട്ടിലും തോൾ സഞ്ചിയിലും ആവശ്യത്തിനുള്ള സാധനങ്ങൾ മാത്രം കരുതുക

മലകയറുന്നതിന് മുമ്പ് ലഘുഭക്ഷണങ്ങൾ മാത്രം കഴിക്കുക

കാലിൽ പൊള്ളൽ പരിക്ക് തുടങ്ങിയവയ്ക്ക് ലോഷൻ തേയ്ക്കുക

അസ്വസ്ഥതകൾ ഉണ്ടായാൽ നിർബന്ധമായും കൂടെയുള്ളവരെ അറിയിക്കുക

രക്തസമ്മർദ്ദവും പഞ്ചസാരയുടെ അളവും പരിശോധിക്കുക

കുട്ടികളെ ഓടിമലകയറാൻ അനുവദിക്കരുത്

അമിതമായ നെഞ്ചിടിപ്പ് വിയർപ്പ് എന്നിവ അനുഭവപ്പെട്ടാൽ വൈദ്യസഹായം തേടുക

മുട്ടിന് വേദനയുള്ളവർ ബാൻഡിങ്ങ് നീ ക്യാപ്പ് ധരിക്കണം

സന്നിധാനത്ത് എത്തിയവർ അസ്വസ്ഥകൾ ഉണ്ടെങ്കിൽ വൈദ്യ പരിശോധനയ്ക്ക് ശേഷം മാത്രം ദർശ നത്തിന് പോവുക

തളർച്ചയും തലകറക്കവുമുള്ളവർ വൈദ്യപരിശോധനയ്ക്ക് ശേഷം മാത്രം പതിനെട്ടാം പടി കയറുക.

ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ ഗൗരവമായി കാണുക

ആവശ്യഘട്ടത്തിൽ ആംബുലൻസ് സേവകരുടെ സേവനങ്ങളും പ്രയോജനപ്പെടുത്തുക

## സദ്ഗമയ ഗാനാർച്ചന നടത്തി

അയ്യപ്പ സന്നിധിയിൽ തിരുവല്ല സദ്ഗമയ ഭജൻസ് സംഘം ഗാനാർച്ചന നടത്തി. വലിയ നടപന്തലിലെ സന്നിധാനം ഓഡിറ്റോറിയത്തിൽ നടന്ന അയ്യപ്പ ഭജനയ്ക്ക് ആനന്ദരാജൻ നേതൃത്വം നൽകി. സദ്ഗമ യ കേരളത്തിലുടനീളം ഭക്തിഗാന മേള നടത്താറുണ്ട്. ഇതാദ്യമായണ് അയ്യപ്പ ഭജനയുമായി ശബരിമല യിൽ ഇവരെത്തുന്നത്. ഇന്ദ്രജിത്ത് തിരുവല്ല, കെ.ഗിരീഷ്, കണ്ണൻ തിരുവല്ല, സുനിൽ കല്ലുപറമ്പ, വിജ യൻപിള്ള, കെ.ഗണേഷ്, കെ.രാജു, പ്രദീപ് പുന്നാട് എന്നിവരാണ് ഗാനങ്ങൾ ആലപിച്ചത്. സതീഷ്കു മാർ കുന്നത്താനം കീബോർഡും കെ.ഭദ്രൻ തബലയും വായിച്ചു.മുപ്പതോളം ഗാനങ്ങളാണ് ഇവർ ശ ബരീശ സന്നിധിയിൽ ആലപിച്ചത്.

## ലോകസമാധാനത്തിനായി പ്രാർത്ഥന ദീപപ്രഭയിൽ വിളക്ക് പൂജ

ലോകസമാധാനത്തിനായി വിളക്ക് പൂജയുമായി തമിഴ്നാട്ടിൽ നിന്നുമുള്ള 225 അംഗ അയ്യ പ്പഭക്തസംഘം ശബരിമലയിലെത്തി. ഉൾനാടൻ ഗ്രാമമായ മാനാമധുരൈയിലെ പഞ്ചമുഖ ആഞ്ജനേ യ അയ്യപ്പസേവാ സംഘമാണ് കിലോമീറ്ററുകൾ താണ്ടി ലോകാ സമസ്താ സുഖിനോ ഭവന്തു എന്ന സന്ദേശവുമായി മലകയറിയത്. കലുഷിതമായ ജീവിത സാഹചര്യങ്ങൾ അകറ്റി ഏവർക്കും നല്ലത് വര ണമെന്നാണ് ഇവരുടെ പ്രാർത്ഥന. കേവലം വ്യക്തിപരമായി മാത്രം ചുരുങ്ങുന്ന സമകാലിക സമൂഹ ത്തിൽ നിന്നും വിശാലമായി ചിന്തിക്കാനുള്ള സന്ദേശം കൂടിയാണ് മലയാത്രയിൽ ഇവർ പങ്ക് വെക്കു ന്നത്. കുട്ടികളും മുതിർന്നവരും അടങ്ങിയ സംഘത്തിന് ശബരിമലയിലേക്കുള്ള യാത്ര പുതുമയല്ല. വർഷങ്ങളായി ഈ ഗ്രാമത്തിൽ നിന്നും വിളക്ക് പൂജയുമായി മുടങ്ങാതെ ഇവരെത്താറുണ്ട്. സന്നിധാ നത്തേക്കുള്ള ഓരോ യാത്രയിലും കാലത്തിനനുസരിച്ച് വ്യത്യസ്തതയുള്ളതാണ് ഇവർ ഉയർത്തുന്ന സന്ദേശങ്ങളും.

ഇത്തവണ 25 കന്നിസ്വാമിമാരും ഇവർക്കൊപ്പമുണ്ട്. സന്നിധാനത്തെ വിരിപ്പന്തലിൽ തിങ്കളാഴ്ച സന്ധ്യയോടെ ഇവർ വിളക്ക് പൂജ തുടങ്ങി. ഭക്തിസാന്ദ്രമായ ഇവരുടെ വിളക്ക് പൂജ കാണാനും നിരവ ധി സ്വാമിമാരെത്തി. 225 നിലവിളക്കുകൾ കൊളുത്തിയാണ് അസുരവാദ്യത്തിന്റെ അകമ്പടിയോടെ അ യ്യപ്പ സ്തുതികൾ പാടിയത്. കുട്ടിമാളികപ്പുറങ്ങളെയും മണികണ്ഠ സ്വാമികളെയും നടുവിലിരുത്തിയാ

യിരുന്നു ഇവരുടെ വിളക്ക് പൂജ. രണ്ടര മണിക്കൂറോളം നീണ്ടുനിന്ന ചടങ്ങിന് ഗുരുസ്വാമിയായ ഭാസ്കരൻ കുണ്ടൽമലൈ നേതൃത്വം നൽകി. വിളക്ക് പൂജയ്ക്ക് ശേഷം സന്നിധാനത്തെത്തി ഏവരും അയ്യപ്പ സ്വാമിയെ ദർശനം നടത്തി. വ്രതമെടുത്ത് നാടാകെ സമാധാനത്തിന്റേയും സമഭാവനയുടെ സന്ദേശം പ്രചരിപ്പിക്കുന്നതും മഹത്തായ അയ്യപ്പസേവയാണെന്ന് ഇവർ ഉറച്ച് വിശ്വസിക്കുന്നു

(ചിത്രം. ശബരിമലയിലെ സന്നിധാനത്ത് മാനാമധുരയിലെ പഞ്ചമുഖ അയ്യപ്പസേവാസംഘം അവതരിപ്പിച്ച വിളക്ക് പൂജ)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 10 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### മകരവിളക്ക്: അടിയന്തിര വൈദ്യസഹായം ഉറപ്പാക്കി ആരോഗ്യവകുപ്പ്

- വഴിയിലുടനീളം എമർജൻസി യൂണിറ്റുകൾ
- അടിയന്തരഘട്ടങ്ങളിൽ സ്വകാര്യ ആസ്പത്രികളുടെ സേവനവും ലഭ്യമാക്കും
- വിളക്ക് ദർശനകേന്ദ്രങ്ങളിലും ആംബുലൻസ്
- ഇതുവരെ ചികിത്സ തേടിയെത്തിയത് 1,94,920 തീർത്ഥാടകർ
- എല്ലാ കേന്ദ്രങ്ങളിലും കൂടുതൽ ഡോക്ടർമാരും ജീവനക്കാരുമെത്തി

മകരവിളക്കിന് മുന്നോടിയായി ആരോഗ്യവകുപ്പ് അയ്യപ്പഭക്തൻമാർക്ക് കൂടുതൽ അടിയന്തര വൈദ്യസഹായം ഉറപ്പാക്കി. സന്നിധാനം മുതൽ പത്തനംതിട്ടവരെയും വഴിയിലൂടനീളം ആരോഗ്യവകുപ്പിന്റെ ചികിത്സകേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. തിരക്ക് കൂടുന്നതിനനുസരിച്ച് ചികിത്സാ സൗകര്യങ്ങളും മെച്ചപ്പെടുത്താൻ എല്ലാ കേന്ദ്രങ്ങളിലും കൂടുതൽ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിച്ചതായി സന്നിധാനം നോഡൽ ഓഫീസർ ഡോ.സുരേഷ്ബാബു പറഞ്ഞു.

എല്ലാ കേന്ദ്രങ്ങളിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ആവശ്യത്തിനുള്ള മരുന്നുകളും മുൻകൂട്ടി എത്തിച്ചിട്ടുണ്ട്. നിലവിലുള്ള വൈദ്യസഹായ കേന്ദ്രങ്ങൾക്ക് പുറമെ അടിയന്തിര ചികിത്സ നൽകാനുള്ള സൗകര്യങ്ങളുള്ള ആംബുലൻസുകളും സജ്ജമാണ്. മലകയറ്റത്തിൽ ഇടവിട്ട് സ്ട്രക്ചർ പോയിന്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ഹിൽടോപ്പ്, ഹിൽഡൗൺ, ത്രിവേണി മണപ്പുറം, ചെക്ക്പാലം, ചാലക്കയം എന്നിവിടങ്ങളിലുള്ള ആരോഗ്യവകുപ്പിന്റെ വൈദ്യസഹായ യൂണിറ്റുകളും 24 മണിക്കൂറും പ്രവർത്തിക്കും. മകരവിളക്ക് ദർശിക്കാൻ സ്വാമിമാർ കൂട്ടത്തോടെ തമ്പടിക്കുന്ന സ്ഥലങ്ങളിൽ പ്രത്യേക ആംബുലൻസുകളും ചികിത്സായൂണിറ്റും എത്തിച്ചിട്ടുണ്ട്. കൂടാതെ പ്ലാപ്പള്ളി ഏരിയ, എലവുങ്കൽ തുടങ്ങിയ സ്ഥലങ്ങളിലും ആംബുലൻസുകൾ ഉണ്ടാകും.

സന്നിധാനത്തെ ആസ്പത്രിയിൽ ഹൃദ്രോഗവിദഗ്ദരടക്കം 12 ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. 22 പാരാമെഡിക്കൽ ജീവനക്കാരും ഇവിടെയുണ്ട്.മുഴുവൻ സമയ സേവനവുമായി എക്സറേയൂണിറ്റും ഓപ്പറേഷൻ തീയ്യേറ്ററും എമർജൻസി ആംബുലൻസും ഇവിടെയുണ്ട്. പമ്പയിലെ ആരോഗ്യഭവനിൽ എട്ട് ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ഏഴ് അടിയന്തര ചികിത്സാ സൗകര്യമുള്ള ആംബുൻസുകളും ഇവിടെയുണ്ട്.

അടിയന്തിര വൈദ്യസഹായം നൽകുന്നതിന് പത്തനംതിട്ട ജില്ലയിലെ സർക്കാർ ആസ്പ്ത്രികൾക്ക് പുറമെ സ്വകാര്യ ആസ്പത്രികളുടെ സേവനവും ആവശ്യഘട്ടത്തിൽ ഉപയോഗിക്കാനുള്ള ക്രമീകരണങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ മുതൽ കോട്ടയം മെഡിക്കൽ കോളേജ് വരെയുള്ള മുഴുവൻ ആതുരാലയങ്ങളിലും അയ്യപ്പഭക്തൻമാർക്ക് ഏത് ഘട്ടത്തിലും ചികിത്സ നൽകാൻ സന്നദ്ധമാണ്.

ശബരിമലയിൽ മണ്ഡല മഹോത്സവം തുടങ്ങിയതുമുതൽ ഇതുവരെ 1,94,920 അയ്യപ്പഭക്തൻമാർക്കാണ് സർക്കാർ ആസ്പ്ത്രി മുഖേന ചികിത്സ നൽകിയത്. സന്നിധാനത്തെ പ്രത്യേകമായുള്ള ആസ്പത്രിയിൽ മാത്രം 71,753 പേർ ചികിത്സ തേടിയെത്തി. ജില്ലയിലെ വിവിധ ആസ്പ്ത്രികളിലായി 23638 ശബരിമല തീർത്ഥാടകർ ഹൃദയസംബന്ധമായ അസുഖത്തിന് ചികിത്സ തേടിയെത്തിയിട്ടുണ്ട്. ഇവർക്കിടയിൽ 202 പേർക്ക് മാത്രമാണ് ഹൃദയാഘാതം സ്ഥിരീകരിച്ചത്. ഈ തീർത്ഥാടനകാലത്ത് ഇതുവരെ 37 അയ്യപ്പഭക്തരാണ് മരണമടഞ്ഞത്. സന്നിധാനത്ത് പത്തുപേരും നീലിമലയിൽ രണ്ടാളും അപ്പാച്ചിമേടിൽ 9 പേരും പമ്പയിൽ 13 പേരുമാണ് മരിച്ചത്. പരമാവധി വൈദ്യസഹായം ലഭ്യമാക്കാനുള്ള എല്ലാ സൗകര്യങ്ങളും തിരക്ക് കണക്കിലെടുത്ത് ഇതിനകം തയ്യാറാക്കിയിട്ടുണ്ട്.

## വിവിധ ആസ്പത്രികളിലെ ഫോൺ നമ്പറുകൾ

നിലയ്ക്കൽ പ്രാഥമികാരോഗ്യകേന്ദ്രം 04735205202
പമ്പ ആരോഗ്യഭവൻ 04735 203318, 203319
നീലിമല കാർഡിയാക് സെന്റർ 04735 203384
കാർഡിയാക് സെന്റർ അപ്പാച്ചിമേട് 04735 202050
സന്നിധാനം ആസ്പത്രി 04735 202101
ചരൽമേട് ആസ്പത്രി 04735 202009
പമ്പ എമർജൻസി യൂണിറ്റ് 04735 203235
പമ്പ കൺട്രോൾ റൂം 04735 203535

## എല്ലാ നദികളിലേയും ക്വാളിഫോം ബാക്ടീരിയയുടെ അളവ് പുറത്തുവിടണം-ദേവസ്വം ബോർഡ് അംഗം

കേരളത്തിലെ എല്ലാ നദികളിലേയും ക്വാളിഫോം ബാക്ടീരിയയുടെ അളവിനെക്കുറിച്ചും മാലിന്യം, വിഷാംശം എന്നിവ സംബന്ധിച്ചും വിശദവിവരങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് പുറത്തുവിടണമെന്ന് തിരുവതാംകൂർ ദേവസ്വം ബോർഡ് മെമ്പർ അജയ് തറയിൽ പറഞ്ഞു. പമ്പാനദിയിലെ വിവരങ്ങൾമാത്രം പറയുന്നത് ജനങ്ങളെ ഭയവിഹ്വലരാക്കും. സംസ്ഥാനത്തെ മറ്റു നദികളിലെ മാലിന്യത്തെക്കുറിച്ചും വിഷാംശത്തെക്കുറിച്ചും ജലത്തിന്റെ യഥാർത്ഥസ്ഥിതിയെക്കുറിച്ചും വിവരങ്ങൾ പൊതു സമൂഹത്തെ അറിയിക്കാനുള്ള ബാധ്യത മലിനീകരണ നിയന്ത്രണബോർഡിനുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

## അഗ്നിരക്ഷാ സേനയുടെ പുതിയ ബാച്ച് ചുമതലയേറ്റു

മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി അഗ്നിരക്ഷാസേനയുടെ ആറാമത് ബാച്ച് അംഗങ്ങൾ ചുമതലയേറ്റു.സന്നിധാനത്തും പരിസരപ്രദേശങ്ങളിലുമായി ഒൻപത് ഇടങ്ങളിലായി 65 ജീവനക്കാർ 24മണിക്കൂറും രക്ഷാപ്രവർത്തനങ്ങൾക്ക് സന്നദ്ധരായുണ്ടാകും.സ്പെഷ്യൽ ഓഫീസറായി ചുമതലയേറ്റ അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ എം എസ് സുവിക്ക് ആയിരിക്കും സേനയുടെ മുഖ്യചുമതല. സന്നിധാനം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആഫീസർ എ ടി ഹരിദാസ് ആണ് സ്റ്റേഷൻ ചുമതല വഹിക്കുന്നത്. സേനയുടെ സേവനത്തിന് ബന്ധപ്പെടേണ്ട നമ്പർ 04735 202033, സ്പെഷ്യൽ ഓഫീസറുടെ ഫോൺ-9497920114

**ശബരിമല ശ്രീ അയ്യപ്പ ഓഡിറ്റോറിയം സന്നിധാനം സ്റ്റേജ് പരിപാടി**

**ഇന്ന് (10-01-2017)**

വൈകുന്നേരം 7 മുതൽ 9 വരെ ഭജന അയ്യൻ ഭജൻ മണ്ഡലി

9 മുതൽ 10 വരെ നാദസ്വരം-വീരമണി പദയാത്ര –സംഘം, കടയനല്ലൂർ

**നാളെ (11-01-17)**

വൈകുന്നേരം അഞ്ച് മുതൽ ഏഴ് വരെ പ്രഭാഷണം- അയ്യപ്പ മാഹാത്മ്യം- മാസ്റ്റർ ഭരത് ചന്ദ്രൻ



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 10 | 2017 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### ശബരിമല ഹെലികോപ്റ്റർ സർവീസ് ഉദ്ഘാടനം ജനു.11ന്

ശബരിമല ക്ഷേത്രത്തിൽ വ്യോമമാർഗം എത്താനുള്ള സൗകര്യം തിരുവിതാംകൂർ ദേവസ്വംബോർഡ് ഒരുക്കുന്നു. ആദ്യത്തെ പാസ്സഞ്ചർ ഹെലികോപ്റ്റർ ഇന്ന് (ജനുവരി 11ന്) രാവിലെ തിരുവനന്തപുരത്തു നിന്നും തിരിച്ച് രാവിലെ 10 മണിക്ക് നിലയ്ക്കൽ ഹെലിപാടിൽ വന്നിറങ്ങും. ഈ തീർത്ഥാടനകാലം തുടങ്ങുന്നതിന് മുമ്പ് തന്നെ നിലയ്ക്കലിൽ മഹാദേവക്ഷേത്ര പരിസരത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഹെലിപ്പാട് സജ്ജമാക്കിയിരുന്നു. ഡബിൾ എഞ്ചിൻ ഹെലികോപ്റ്റർ വന്നിറങ്ങുന്നതിനുള്ള ലോകോത്തര നിലവാരമുള്ള ഹെലിപ്പാടാണ് ഇവിടെ നിർമിച്ചിരിക്കുന്നത്. ദേവസ്വംബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, മെമ്പർമാരായ കെ. രാഘവൻ, അജയ്തറയിൽ എന്നിവരാണ് ആദ്യസർവീസിലെ യാത്രക്കാർ.

